നാളികേര ഉൽപ്പാദന വർദ്ധനവിനായി പദ്ധതികൾ

105 [423] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് വിവിധ പദ്ധതികളിലായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) അനുവദിച്ച തുകയിൽ ഓരോ പദ്ധതിക്കും എത്ര തുക വീതം ചെലവഴിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നാളികേര വികസന ബോർഡ് പദ്ധതി പ്രകാരം 2001-2002 മുതൽ 2004-2005 വരെ 2022.305 ലക്ഷം രൂപ അനുവദിച്ചു. ടെക്നോളജി മിഷൻ പദ്ധതി പ്രകാരം 2002-2003 മുതൽ 2004-2005 വരെ 565.20 ലക്ഷം രൂപ അനുവദിച്ചു. ആകെ 2587.505 ലക്ഷം രൂപ.

(ബി) നാളികേര വികസനബോർഡ് പദ്ധതിയിൽ 2008.1115 ലക്ഷം രൂപയും ടെക്നോളജിമിഷൻ പദ്ധതിയിൽ 565.1979 ലക്ഷം രൂപയും വീതം ആകെ 2573.3094 ലക്ഷം രൂപ ചെലവഴിച്ചു.

ടി × ഡി, ഡി × ടി സ്കീമുകൾ

106 [424] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന്റെ ടി × ഡി, ഡി × ടി സ്കീമിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സംയുക്താഭിമുഖ്യത്തിൽ നടക്കുന്ന പദ്ധതിയിൻകീഴിൽ 1972 മുതൽ ജോലി ചെയ്തു വരുന്ന പോളിനേഷൻ തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(സി) 2004-2005 മുതൽ ടി × ഡി സ്കീമിന് പകരം ഡി × ടി സ്കീം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; പുതിയ സ്കീം നടപ്പിൽ വരുത്തുമ്പോൾ പഴയ സ്കീമിലെ പോളിനേഷൻ തൊഴിലാളികളുടെ തൊഴിൽ ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഡി × ടി സ്കീം നടപ്പിലാക്കുന്നതിന് ഡ്രാർഫ് തെങ്ങുകൾ ആവശ്യത്തിന് ലഭ്യമാണോ; ഈ സ്കീം നടപ്പിലാക്കാൻ എത്ര പോളിനേഷൻ തൊഴിലാളികളെ ആവശ്യമുണ്ട്;

(ഇ) ഡി × ടി സ്കീം പൂർണ്ണമായി നടപ്പിലാക്കാനാവശ്യമായ തെങ്ങുകൾ ലഭ്യമാക്കുന്നതുവരെ നിലവിലുള്ള തൊഴിലാളികളെ പ്രയോജനപ്പെടുത്തിക്കൊണ്ട് ടി × ഡി സ്കീം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലഭ്യമാക്കിയിട്ടുണ്ട്.

(സി) ടി × ഡി സ്കീമിൽ ഉണ്ടായിരുന്ന മുഴുവൻ തൊഴിലാളികൾക്കും തൊഴിൽ ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

(ഡി) 2004-2005 വർഷത്തിൽ ഡി × ടി പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 3300 കുറിയ ഇനം തെങ്ങുകളാണ് ലഭിച്ചിട്ടുള്ളത്. ഇത്രയും തെങ്ങുകളിൽ പോളിനേഷൻ നടത്തുന്നതിനായി 66 തൊഴിലാളികളെ ആവശ്യമായിട്ടുണ്ട്.

(ഇ) 2004-2005 വർഷത്തിൽ ഡി × ടി സ്കീം പൂർണ്ണമായി നടപ്പിലാക്കുന്നതിനാവശ്യമായ കുറിയ ഇനം തെങ്ങുകൾ ലഭ്യമാണ്.

കേരഫെഡ് ഫാക്ടറികളുടെ നിർമ്മാണച്ചെലവ്

107 [425] ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. കെ. പി. മോഹനൻ:

,, സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡിന്റെ വിവിധ ഫാക്ടറികളുടെ നിർമ്മാണത്തിനായി ഇതുവരെ എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഓഫീസിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇതുവരെ 25,21,28,101 രൂപ (ഇരുപത്തിഅഞ്ച് കോടി ഇരുപത്തിയൊന്നു ലക്ഷത്തി ഇരുപത്തിയെണ്ണായിരത്തി ഒരുനൂറ്റി ഒന്ന് രൂപ) ചെലവഴിച്ചു.

(ബി) 1,70,73,000 രൂപ (ഒരു കോടി എഴുപത് ലക്ഷത്തി എഴുപത്തിമൂവായിരം രൂപ) ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly